## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1738    16.02.2016-ന് മറുപടി നൽകേണ്ടത്

## തൊഴിൽ പരിശീലന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ.മുരളീധരൻ<br>,, വി.ഡി.സതീശൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന നൈപുണ്യ സമുന്നതി പദ്ധതിയുടെ കീഴിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്ലേയ്സ്മെന്റും എന്ന സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കേരള സർക്കാർ സ്ഥാപനമായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | തൊഴിൽ രഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി അവർക്ക് നൈപുണ്യ പരിശീലനം നൽകി പ്ലേയ്സ്മെന്റ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതിയ്ക്കായി 1 കോടി രൂപ വീതം സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തേക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തേക്ക് 1 കോടി രൂപ അനുവദിച്ച് നൽകുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ